**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **23-02-2026 - ൽ മറുപടിയ്ക്ക്**

**നീതി ആയോഗ് തയ്യാറാക്കിയ കയറ്റുമതി സൂചിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നീതി ആയോഗ് തയ്യാറാക്കിയ ഏറ്റവും പുതിയ സൂചികയിൽ കേരളം മുൻവർഷത്തേക്കാൾ നില മെച്ചപ്പെടുത്തി 11-ാം സ്ഥാനത്തെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിനാലും എന്നാൽ ഈ വർഷം റാങ്കിംഗ് നിർണ്ണയിക്കുന്നതിന് ഉപയോഗിച്ച രീതി മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്നതിനാലും ഈ റാങ്ക് മെച്ചപ്പെടുത്തൽ സംസ്ഥാനത്തിന്റെ യഥാർത്ഥ പുരോഗതിയെയാണോ സൂചിപ്പിക്കുന്നതെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) | നീതി ആയോഗിന്റെ വിവിധ സൂചികകളിൽ കേരളത്തിന്റെ സ്ഥാനം വ്യത്യസ്തമാണ്. കയറ്റുമതി സന്നദ്ധതാ സൂചികയിൽ (Export Preparedness Index 2024) കേരളം 11-ാം സ്ഥാനത്താണ്. അതേസമയം, സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനം നിലനിർത്തിയിട്ടുണ്ട്. കയറ്റുമതി സന്നദ്ധതാ സൂചിക (EPI 2024)-യിൽ മുൻ വർഷത്തെ 19-ാം സ്ഥാനത്തുനിന്ന് കേരളം 11-ാം സ്ഥാനത്തേക്ക് ഉയർന്നിട്ടുണ്ട്. നീതി ആയോഗ് ഓരോ വർഷവും സൂചകങ്ങളിലും അവയുടെ വെയ്റ്റേജിലും മാറ്റം വരുത്താറുണ്ട്. മാനദണ്ഡങ്ങൾ മാറുന്നതുകൊണ്ട് മുൻവർഷങ്ങളുമായി നേരിട്ടുള്ള താരതമ്യം പൂർണ്ണമായും ശരിയാകണമെന്നില്ലെങ്കിലും, കേരളം നേടിയ സ്കോറിലെ വർദ്ധനവ് ഗുണപരമായ മാറ്റം തന്നെയാണ് സൂചിപ്പിക്കുന്നത്. |
| (ബി) | കയറ്റുമതി വൈവിധ്യവത്കരണം, മാനവവിഭവ ശേഷി, വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങളിലാണ് നീതി ആയോഗ് ഈ സൂചിക തയ്യാറാക്കിയിരിക്കുന്നതെന്നതിനാൽ ഈ മേഖലകളിൽ കേരളത്തിന്റെ പ്രകടനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നയപരവും പദ്ധതിപരവുമായ നടപടികൾ എന്തൊക്കെയാണ്; | (ബി) | കയറ്റുമതി ഉൽപ്പന്നങ്ങളിൽ വൈവിധ്യം കൊണ്ടുവരുന്നതിനായി 'കേരള കയറ്റുമതി പ്രോത്സാഹന നയം 2025' സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണിയിൽ ഒരു ഏകീകൃത ബ്രാൻഡ് മൂല്യം സൃഷ്ടിക്കുന്നതിനായി കേരളാ ബ്രാൻഡ് പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ ജില്ലയെയും ഓരോ കയറ്റുമതി കേന്ദ്രമായി (Districts as Export Hubs) വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. കയറ്റുമതി സംബന്ധമായ നൂതന വിവരങ്ങൾ സംരംഭകർക്ക് നൽകുന്നതിനായി എക്സ്പോർട്ട് പ്രമോഷനുമായി ബന്ധപ്പെട്ടുള്ള ജില്ലാതല വർക്ക്ഷോപ്പുകൾ നടത്തി വരുന്നു. നിലവിലുള്ള കയറ്റുമതി യൂണിറ്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |

വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അനുമതികൾ വേഗത്തിലാക്കാൻ K-SWIFT ഓൺലൈൻ പോർട്ടൽ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയവും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന റാംപ് (Raising and Accelerating MSME Performance) പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര റിവേഴ്സ് ബയർ സെല്ലർ മീറ്റ് (ട്രെഡക്സ് കേരള) സംഘടിപ്പിക്കുന്നു. കേരളത്തിലെ സംരംഭങ്ങളുടെ കയറ്റുമതി ലഭ്യത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഒരു പ്രമുഖ കയറ്റുമതി കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും, വ്യക്തികൾക്കും വിവിധ തരത്തിലുള്ള പിന്തുണയും സഹായങ്ങളും നൽകുന്നതിനായി 30/01/2025 തീയതിയിലെ ജി.ഒ.(എം.എസ്.)നം.6/2025/ഐ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കയറ്റുമതി പ്രോത്സാഹനനയം സർക്കാർ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത നയപരിപാടിയിലൂടെ കയറ്റുമതി രംഗത്ത് സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും, അവയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിനും സാധിക്കുന്നതാണ്. കേരളത്തിന്റെ തനത് വിഭവങ്ങളും ഭൂമിശാസ്ത്രപരമായ ഗുണങ്ങളും ഉപയോഗിച്ച് സംസ്ഥാനത്ത് വാണിജ്യ സാധ്യതകൾ വർദ്ധിപ്പിക്കുക, പുതിയ വാണിജ്യ അവസരങ്ങൾ തുറക്കുക, അന്താരാഷ്ട്ര വ്യാപാര ഭൂപടത്തിൽ കേരളത്തെ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റുക, അതുവഴി കയറ്റുമതി മേഖലയിൽ വികസനം കൊണ്ടുവരികയും സംസ്ഥാനത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് വഴിയൊരുക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ ഈ നയപരിപാടിയിലൂടെ കൈവരിക്കാൻ ലക്ഷ്യമിടുന്നു. കയറ്റുമതി രംഗത്ത് വൈവിധ്യവൽക്കരണം സാധ്യമാക്കി സുസ്ഥിര വളർച്ച നേടുന്നതിനായി പ്രത്യേക പദ്ധതികൾ നയപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതി മത്സരക്ഷമത വർദ്ധിപ്പിക്കുക, വിപണി വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകുക, നവീകരണവും നൈപുണ്യ വികസനവും പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കയറ്റുമതി പ്രോത്സാഹന നയം-2025 രൂപീകരിച്ചിരിക്കുന്നത്. വിദേശ നിക്ഷേപവും

| | | | |
|---|---|---|---|
| | | | കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് ആഗോള ബന്ധം ശക്തിപ്പെടുത്തുക, ലോക വിപണികളിലേക്കുള്ള പ്രവേശനം സുഗമമാക്കുക, ചരക്ക് കയറ്റുമതി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കയറ്റുമതിയിൽ സുസ്ഥിരമായ വളർച്ച കൈവരിക്കുക തുടങ്ങിയ കേരള വ്യാവസായിക നയം 2023-ൽ പറഞ്ഞിരിക്കുന്ന വിശാലമായ നയ ലക്ഷ്യങ്ങളുമായാണ് കയറ്റുമതി പ്രോത്സാഹന നയം-2025 രൂപീകരിച്ചിരിക്കുന്നത്. ഈ ലക്ഷ്യങ്ങൾ കൂടാതെ, കേരള വ്യവസായ നയത്തിൽ പരാമർശിച്ചിരിക്കുന്ന വിവിധ മുൻഗണന മേഖലകൾ ഉൾപ്പെടെ, തിരിച്ചറിഞ്ഞ് വിവിധ മേഖലകളിലുടനീളം കേരളത്തിൽ നിന്നുള്ള കയറ്റുമതി നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ശക്തമായ ഒരു മൂല്യ ശൃംഖല സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. കേരള കയറ്റുമതി പ്രോത്സാഹന നയം 2025-ൽ വാഗ്ദാനം ചെയ്യുന്ന കയറ്റുമതി പ്രോത്സാഹനത്തിനുള്ള ഇൻസെന്റീവ് തുകകൾ ഓരോ വർഷവും വ്യവസായ പ്രോത്സാഹനത്തിനുള്ള ബജറ്റ് വിഹിതത്തിൽ മാത്രമായി പരിമിതപ്പെടുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് കേരള കയറ്റുമതി പ്രോത്സാഹന നയം 2025 സർക്കാർ രൂപീകരിച്ചിട്ടുള്ളത്. |
| (സി) | വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമിയുടെ കുറവ്, ഉയർന്ന ഉൽപാദനച്ചെലവ്, വൻകിട വ്യവസായങ്ങളുടെ അഭാവം, യുവാക്കളുടെ വിദേശ കുടിയേറ്റം, ജനസംഖ്യയിലെ പ്രായമേറുന്നവരുടെ എണ്ണം, റിസർച്ച് & ഡവലപ്മെന്റിനുള്ള പരിമിതമായ ഊന്നൽ എന്നിവ കേരളത്തിന്റെ പ്രധാന വെല്ലുവിളികളായി നിതി ആയോഗ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ മറികടക്കാൻ തയ്യാറാക്കിയ ദീർഘകാല പ്രവർത്തന പദ്ധതി എന്താണ്; | (സി) | ഈ പ്രതിസന്ധികൾ മറികടക്കാൻ കേരള സർക്കാർ പ്രധാനമായും 'വിഷൻ 2031' (Vision 2031) എന്ന ദീർഘകാല പ്രവർത്തന പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:<br><br>ഭൂമിയുടെ കുറവ് പരിഹരിക്കാൻ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് മുൻഗണന നൽകുന്നു. കൊച്ചി-ബംഗളൂരു വ്യവസായ കോറിഡോർ പോലുള്ള പദ്ധതികൾ വഴി വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാൻ ലക്ഷ്യമിടുന്നു. പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി ഉറപ്പാക്കാൻ കേരളാ ബ്രാൻഡ് പദ്ധതി വഴി കഴിയുന്നതാണ്. വിദേശത്തേക്കുള്ള യുവാക്കളുടെ കുടിയേറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി അവർക്ക് ഇവിടെ തന്നെ മികച്ച തൊഴിൽ അവസരങ്ങൾ നൽകാൻ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ(PPP) നൈപുണ്യ വികസന സംരംഭകത്വ വികസനത്തിന് ബജറ്റിൽ ഊന്നൽ നൽകി വരുന്നുണ്ട്. |
| (ഡി) | നീതി ആയോഗ് സംസ്ഥാനങ്ങളെ ലീഡർ, ചാലഞ്ചർ, ആസ്പയറർ എന്നിങ്ങനെ മൂന്ന് | (ഡി) | നീതി ആയോഗിന്റെ എക്സ്പോർട്ട് പ്രിപ്പയേർഡ്നസ് ഇൻഡക്സ് (EPI) 2024 കേരളം 11-ാം |

| | | | |
|---|---|---|---|
| | വിഭാഗങ്ങളായി തരംതിരിച്ചതിൽ കേരളം ചാലഞ്ചർ വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നതിനാൽ ലീഡർ വിഭാഗത്തിലേക്ക് ഉയരുന്നതിനായി കേന്ദ്ര സർക്കാരുമായി സഹകരിച്ച് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക നടപടികൾ എന്തൊക്കെയാണ്? | | സ്ഥാനത്താണെങ്കിലും 'ചാലഞ്ചർ' (Challenger)വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ലീഡർ വിഭാഗത്തിലേക്ക് ഉയരുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, ദേശീയപാതാ വികസനം, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി എന്നിവ വഴി കയറ്റുമതി മേഖലയ്ക്ക് ആവശ്യമായ ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിലൂടെ ചെറുകിട ഇടത്തരം സംരംഭ (MSME) മേഖലയിൽ കേരളം അത്ഭുതപൂർവമായ വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. ഇത് സംരംഭകത്വത്തിന് കൂടുതൽ കരുത്ത് പകരുന്നു.<br><br>കേരളാ ബ്രാൻഡ് പദ്ധതി, എക്സ്പോർട്ട് പ്രമോഷനുമായി ബന്ധപ്പെട്ടുള്ള ജില്ലാതല വർക്ക്ഷോപ്പുകൾ, നിലവിലുള്ള കയറ്റുമതി യൂണിറ്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, K-SWIFT ഓൺലൈൻ പോർട്ടൽ മുതലായ നടപടികളിലൂടെ നിലവിലെ ചാലഞ്ചർ വിഭാഗത്തിൽ നിന്നും ലീഡർ വിഭാഗത്തിലേയ്ക്ക് സംസ്ഥാനം മുന്നേറുന്നതിന് സഹായകമാകും. |

സെക്ഷൻ ഓഫീസർ